മാനന്തവാടി താലൂക്കിൽ പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ചവർ

1284 [1930] ശ്രീ. കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ചവരിൽനിന്ന് നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ബി) നഷ്ട പരിഹാരതുക വിതരണം ചെയ്തോ; എങ്കിൽ എത്ര ;

(സി) ഇല്ലെങ്കിൽ വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) നഷ്ടം സംഭവിച്ചവർക്ക് വിത്ത്, വളം, കീടനാശിനി എന്നിവ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) വയനാട് ജില്ലയിൽ എവിടെയെങ്കിലും നഷ്ടപരിഹാര തുക നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഇല്ല.

(സി) വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്. വൈത്തിരി, ഓട്ടത്തറ എന്നീ കൃഷി വികസന ആഫീസുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

1285 [1931] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984 ലെ ഉരുൾപ്പൊട്ടലിൽ കോഴിക്കോട് ജില്ലയിൽ കൃഷിനാശം സംഭവിച്ചവർക്ക് ഇതേവരെ എത്ര രൂപ നഷ്ടപരിഹാരം നൽകി ;

(ബി) പ്രസ്തുത ജില്ലയിലെ ഓരോ പഞ്ചായത്തിലും എത്ര രൂപ നഷ്ട പരിഹാരം നൽകിയെന്ന് വ്യക്തമാക്കാമോ ;

(സി) ഇനിയും എത്ര രൂപ നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ട് ;

(ഡി) ഓരോ പഞ്ചായത്തിൽ നിന്നും എത്ര അപേക്ഷ കിട്ടി ;

(ഇ) എത്ര അപേക്ഷകൾ സ്വീകരിച്ചു; എത്ര എണ്ണം നിരസിച്ചു ?

ഉത്തരം

(എ) 3.20 ലക്ഷം രൂപ.

(ബി) കൃഷി ഡവലപ്പ്മെൻറ് യൂണിറ്റ് അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം നൽകുന്നത്. വടകര താലൂക്കിലെ തൊട്ടിൽപാലം കൃഷി ഡവലപ്പുമെൻറ് ആഫീസറുടെ പരിധിയിൽ വരുന്ന പ്രദേശത്ത് 2.20 ലക്ഷം രൂപയും കുഞ്ചച്ചുണ്ട് കൃഷി വികസന ആഫീസറുടെ പരിധിയിൽ വരുന്ന പ്രദേശത്തു 1 ലക്ഷം രൂപയും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(സി) 2.31 ലക്ഷം രൂപ.

(ഡി, ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly